I ഇ.ബി. XV-കേരള നിയമസഭ/VI-8

## പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 സെപ്റ്റംബർ 12, തിങ്കൾ

നിയമസഭ രാവിലെ 10.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I. സ്പീക്കർ തെരഞ്ഞെടുപ്പ്

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. അൻവർ സാദത്തിന്റെയും ശ്രീ. എ. എൻ. ഷംസീറിന്റെയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശപത്രികകൾ ലഭിച്ചിട്ടുണ്ട്. പരിശോധനയിൽ നാമനിർദ്ദേശപത്രികകളെല്ലാം നിയമാനുസൃതമാണ്. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. എ. എം. ബഷീർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെ സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. എൻ. ഷംസീർ എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു.

ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീമതി ദെലീമ, ശ്രീ. യു. എ. ലത്തീഫ് എന്നിവർ സഭയിൽ ഹാജരായിരുന്നില്ല.

ശ്രീ. അൻവർ സാദത്തിന്റെ ഏജന്റ് ശ്രീ. ടി. ജെ. വിനോദിന്റെയും ശ്രീ. എ. എൻ. ഷംസീറിന്റെ ഏജന്റ് ശ്രീ. കടകംപള്ളി സുരേന്ദ്രന്റെയും സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു.)

ശ്രീ. എ. എൻ. ഷംസീറിന് 96 വോട്ടും ശ്രീ. അൻവർ സാദത്തിന് 40 വോട്ടും ലഭിച്ചതായി ബഹു. ഡെപ്യൂട്ടി സ്പീക്കർ അറിയിച്ചു. ശ്രീ. എ. എൻ. ഷംസീറിനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായി ബഹു. ഡെപ്യൂട്ടി സ്പീക്കർ പ്രഖ്യാപിക്കുകയും പുതിയ സഭാദ്ധ്യക്ഷനെ

അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്നതിനായി ക്ഷണിക്കുകയും ചെയ്തു.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും ചേർന്ന് ശ്രീ. എ. എൻ. ഷംസീറിനെ അദ്ധ്യക്ഷവേദിയിലേയ്ക്ക് ആനയിച്ചു.

(ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. കേരള നിയമസഭയുടെ മികവാർന്ന പാരമ്പര്യം ശക്തവും ചൈതന്യവത്തുമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് അങ്ങേയ്ക്ക് കഴിയുമെന്നതിൽ സംശയമില്ല. സഭാകാര്യങ്ങൾ നിഷ്പക്ഷമായും കർമ്മോത്സുകമായും മുന്നോട്ടുകൊണ്ടുപോകുന്നതിൽ മുൻ സ്പീക്കർ ശ്രീ. എം. ബി. രാജേഷ് വഹിച്ച മാതൃകാപരമായ നേതൃത്വത്തെ അഭിനന്ദിക്കുന്നതോടൊപ്പം അങ്ങും അതേ പാത പിന്തുടരുമെന്ന് പ്രത്യാശിക്കുന്നു. വിദ്യാർത്ഥി രാഷ്ട്രീയം മുതൽ വിവിധ തലങ്ങളിലെ പ്രവർത്തനപരിചയം സ്പീക്കർ പദവിയിൽ അങ്ങേയ്ക്ക് മുതൽക്കൂട്ടാകും. അങ്ങയുടെ യുവത്വവും ഊർജ്ജസ്വലതയും സഭയുടെ ഊർജ്ജവും യുവത്വവുമായി മാറട്ടെയെന്ന് ആശംസിക്കുന്നു. സർക്കാർ നടപടിക്രമങ്ങൾ

കാര്യക്ഷമമായി നിറവേറ്റുന്നതിനും ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും ഭരണ-പ്രതിപക്ഷ അംഗങ്ങളുടെ സഹകരണം ഉറപ്പാക്കി സഭയുടെ പരമാധികാരം ഉയർത്തിപ്പിടിക്കുന്നതിനും അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. കേരള നിയമസഭയുടെ ഉന്നതമായ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിനും സഭ നിയന്ത്രിക്കുന്നതിനും വിദ്യാർത്ഥി രാഷ്ട്രീയത്തിലും പൊതുപ്രവർത്തനത്തിലുമുള്ള അങ്ങയുടെ അനുഭവപരിചയം സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു. സർക്കാർ നടപടിക്രമങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതോടൊപ്പം പ്രതിപക്ഷ പ്രവർത്തനത്തിന് പൂർണ്ണമായ സംരക്ഷണവും അങ്ങയിൽ നിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഉന്നതനിലവാരമുള്ള സഭയായി കേരള നിയമസഭയെ മാറ്റുന്നതിന് അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. മുൻ നിയമസഭാ സ്പീക്കർ ശ്രീ. എം. ബി. രാജേഷിനെ അദ്ദേഹത്തിന്റെ മന്ത്രിസ്ഥാനലബ്ധിയിൽ പ്രത്യേകം അഭിനന്ദിക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സഭാനാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. കേരള നിയമസഭയുടെ ഉന്നതമായ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിന് യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിലും വിവിധ തലങ്ങളിലുമുള്ള അങ്ങയുടെ അനുഭവ പരിചയം സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു. അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. അങ്ങയുടെ കാലയളവിൽ സഭയിൽ നിലവാരമുള്ള ചർച്ചകൾ ഉണ്ടാകട്ടെയെന്നും ഉന്നത നിലവാരത്തിൽ സ്പീക്കറുടെ ധർമ്മം നിർവ്വഹിക്കാൻ സാധിക്കട്ടെയെന്നും ആശംസിക്കുന്നു.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. സർക്കാർ നടപടിക്രമങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതോടൊപ്പം ഭരണ-പ്രതിപക്ഷ അംഗങ്ങളുടെ സഹകരണം ഉറപ്പാക്കി സഭയുടെ പരമാധികാരം ഉയർത്തിപ്പിടിക്കുന്നതിന് അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. നിയമനിർമ്മാണമുൾപ്പെടെയുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതോടൊപ്പം ഭരണ-പ്രതിപക്ഷാംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും അങ്ങേയ്ക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. സഭയിൽ മുഴുവൻ സമയവും ഹാജരാകുകയും സഭാനടപടികൾ ശ്രദ്ധാപൂർവ്വം വീക്ഷിക്കുകയും പരമാവധി ഇടപെടലുകൾ നടത്താൻ ശ്രമിക്കുകയും ചെയ്തിട്ടുള്ള അങ്ങേയ്ക്ക് സഭയ്ക്ക് നേതൃത്വം നൽകാൻ കഴിയുമെന്നതിൽ സംശയമില്ല. കേരള നിയമസഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതോടൊപ്പം പുത്തൻ ചരിത്രം എഴുതാനും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: നിമയസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. രാഷ്ട്രീയത്തിനതീതമായി വ്യക്തിബന്ധങ്ങൾ വച്ചുപുലർത്തുന്ന അങ്ങേയ്ക്ക് സഭയിലെ ഓരോ അംഗത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്നതിൽ സംശയമില്ല. പുതിയ

സ്ഥാനലബ്ധി ഭംഗിയായി നിറവേറ്റാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. യുവത്വത്തിന്റെ പ്രതീകമായ അങ്ങേയ്ക്ക് പുതിയ പദവിയിൽ നന്നായി പ്രവർത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. രാഷ്ട്രീയപ്രബുദ്ധമായ വർത്തമാനകാലത്ത് അങ്ങയുടെ സ്പീക്കർ പദവി മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാവിധ നന്മകളും നേരുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. സ്പീക്കർ പദവിയിൽ നല്ല രീതിയിൽ പ്രവർത്തിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സഭാനാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. രാഷ്ട്രീയത്തിനതീതമായി വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന അങ്ങേയ്ക്ക് സഭയെ നിയന്ത്രിക്കാനും ഉറച്ച നിലപാടുകൾ സ്വീകരിക്കാനും കഴിയുമെന്നതിൽ സംശയമില്ല. ഓരോ ജനപ്രതിനിധിയുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അങ്ങ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. യുവത്വത്തിന്റെ പ്രതീകമായ

അങ്ങേയ്ക്ക് മികച്ച സ്പീക്കറാകാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. യുവജന പ്രസ്ഥാനങ്ങളിലൂടെ ഉയർന്നുവന്ന അങ്ങേയ്ക്ക് ഈ സഭയുടെ അന്തസ് ഉയർത്തിപ്പിടിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. മുഴുവൻ സമയവും സഭാനടപടികൾ ശ്രദ്ധിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുള്ള അങ്ങേയ്ക്ക് സ്പീക്കർ പദവിയിൽ മികച്ച സംഭാവന നൽകാൻ സാധിക്കും. നിഷ്പക്ഷനായ സ്പീക്കറായി മാറാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സ്പീക്കർ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. വിവിധ തലങ്ങളിലെ പ്രവൃത്തിപരിചയവും അനുഭവസമ്പത്തും നിയമനിർമ്മാണ പ്രക്രിയ കാര്യക്ഷമമായി നിർവ്വഹിക്കാൻ അങ്ങേയ്ക്ക് ഉപകാരപ്രദമാകും.

<u>ശ്രീ. കെ. പി. മോഹനൻ</u>: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ആശംസകൾ അർപ്പിക്കുന്നു. സഭാനാഥനെന്ന നിലയിൽ ഭരണ-പ്രതിപക്ഷാംഗങ്ങളുടെ ആവശ്യങ്ങൾ

നിറവേറ്റാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. രാഷ്ട്രീയത്തിനതീതമായ വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന അങ്ങേയ്ക്ക് സഭയെ നല്ല രീതിയിൽ നയിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. നിയമസഭയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കുന്ന തരത്തിൽ സഭയ്ക്ക് നേതൃത്വം നൽകാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാവിധ അനുമോദനങ്ങളും അഭിവാദ്യങ്ങളും നേരുന്നു. മുൻ സ്പീക്കർമാരെപ്പോലെ പുതിയ പരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകാൻ അങ്ങും തയ്യാറാകണം. വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തെ നയിക്കുന്നതിനുവേണ്ടി അങ്ങ് നടത്തിയിട്ടുള്ള പ്രോജ്ജ്വലമായ പോരാട്ടങ്ങൾ ഈയവസരത്തിൽ ഓർക്കുകയാണ്. ഈ പദവിയിൽ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. വിദ്യാർത്ഥി പ്രസ്ഥാനം മുതൽ അങ്ങയോടൊപ്പം പ്രവർത്തിച്ചതിന്റെയടിസ്ഥാനത്തിൽ അങ്ങേയ്ക്ക് ഈ ചുമതല ഭംഗിയായി നിർവ്വഹിക്കാൻ കഴിയുമെന്ന് നിസ്സംശയം പറയാൻ സാധിക്കും. ഏറ്റെടുക്കുന്ന ചുമതലയോട് അങ്ങേയറ്റം പ്രതിബദ്ധതയും ആത്മാർത്ഥതയും പുലർത്തുകയെന്നത് അങ്ങയുടെ പ്രവർത്തനശൈലിയാണ്. നിയമനിർമ്മാണത്തിന്റെ അവധാനതയും അംഗങ്ങളുടെ ജനാധിപത്യ അവകാശങ്ങളും സംരക്ഷിക്കുന്ന കാര്യത്തിൽ സഭയുടെ പാരമ്പര്യം അങ്ങേയ്ക്ക് ഉയർത്തിപ്പിടിക്കാനാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായ വ്യക്തിബന്ധങ്ങളും സൗഹൃദങ്ങളും സഭാനടത്തിപ്പിന് മുതൽക്കൂട്ടാകും. സഭാദ്ധ്യക്ഷനെന്ന നിലയിൽ തിളക്കമാർന്ന അദ്ധ്യായം എഴുതിച്ചേർക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. കേരള നിയമസഭയിൽ സ്പീക്കറായി മത്സരിക്കാൻ അവസരം ലഭിച്ച് ചരിത്രത്തിന്റെ

ഭാഗമാകാൻ സാധിച്ചതിൽ എനിക്ക് അഭിമാനമുണ്ട്. രാഷ്ട്രീയത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ അങ്ങ് ശ്രദ്ധ പുലർത്തുന്നത് മാതൃകാപരമാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പ്രവർത്തനമാരംഭിച്ച് സ്പീക്കർ പദവിയിലെത്തുന്നത് യുവജനപ്രസ്ഥാനങ്ങൾക്കാകെ അഭിമാനമാണ്. സഭയിൽ ഇരുപക്ഷത്തിനും തുല്യപരിഗണന നൽകുമെന്ന അങ്ങയുടെ നിലപാട് സ്വാഗതാർഹമാണ്. സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ച് നല്ല രീതിയിൽ സഭയെ നിയന്ത്രിക്കാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാന്യരായ മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ്, ഡെപ്യൂട്ടി സ്പീക്കർ, കക്ഷിനേതാക്കളെ, സഭാംഗങ്ങളെ, കേരള നിയമസഭ നിലവിൽ വന്നതിനുശേഷമുള്ള 3419-ാമത്തെ സമ്മേളനദിനമാണ് ഇന്ന് നടക്കുന്നത്. മഹത്തായതും അത്യപൂർവ്വങ്ങളുമായ ഒട്ടേറെ സംഭവ പരമ്പരകൾകൊണ്ട് സമ്പന്നമായ ചരിത്രമുള്ള ഈ സഭയുടെ അദ്ധ്യക്ഷനായി എന്നെ തെരഞ്ഞെടുത്തതിന് നന്ദി പ്രകാശിപ്പിക്കുന്നു. ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, വിവിധ കക്ഷിനേതാക്കൾ എന്നിവരിൽനിന്നുമുണ്ടായ അനുമോദനങ്ങൾക്കും ആശംസകൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും

എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്കും നന്ദി പറയുന്നു. കേരള നിയമസഭയിലെ പ്രഗത്ഭരായ മുൻ സ്പീക്കർമാരെ ഈയവസരത്തിൽ പ്രത്യേകം ഓർക്കുകയും ആ ബഹുമാന്യർ സൃഷ്ടിച്ച ഉത്തമ മാതൃകകളെ കൃതജ്ഞതയോടെ സ്മരിക്കുകയും ചെയ്യുന്നു. ഞാൻ ജനിക്കുന്നതിനുമുമ്പുതന്നെ കേരള നിയമസഭയിൽ അംഗമാവുകയും ഇപ്പോഴും ഈ സഭയിൽ തുടരുകയും ചെയ്യുന്ന ബഹുമാന്യ വ്യക്തിത്വങ്ങളായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, മുൻമന്ത്രി ശ്രീ. പി.ജെ. ജോസഫ് എന്നിവരുടെ സാമീപ്യം എന്നെ ഏറെ വിനീതനാക്കുന്നു; അതുപോലെ പൊതുരംഗത്തും ഭരണരംഗത്തും ഏറെ പരിചയസമ്പന്നരായ മന്ത്രിമാരും മുൻമന്ത്രിമാരും പ്രതിപക്ഷനേതാക്കളും വിവിധ കക്ഷിനേതാക്കളും ഈ സഭയിൽ അംഗങ്ങളായിരിക്കുന്നുവെന്നത് എനിക്ക് കൂടുതൽ മനോധൈര്യവും ആത്മവിശ്വാസവും പകരുന്നു. സംസ്ഥാന നിയമസഭകളുടെയും സംസ്ഥാന സർക്കാരുകളുടെയും ഭരണഘടനാപരമായ പ്രവർത്തനങ്ങൾപോലും നിരവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജനഹിതമറിഞ്ഞ് പ്രവർത്തിക്കുന്ന സർക്കാരും ക്രിയാത്മകമായി പ്രതികരിക്കുന്ന പ്രതിപക്ഷവും കേരള നിയമസഭയുടെ മാത്രം പ്രത്യേകതയാണ്. നിയമസഭയുടെ ചട്ടങ്ങളിലും

പ്രവർത്തനരീതിയിലും സമഗ്രമായ പരിഷ്കരണങ്ങൾ വരുത്തുന്നതുസംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ സഭാപ്രവർത്തനങ്ങളും വിവിധ സമിതികളുടെ പ്രവർത്തനങ്ങളും കൂടുതൽ സജീവമാക്കാനുള്ള തീരുമാനം നമുക്കൊരുമിച്ച് കൈക്കൊള്ളാവുന്നതാണ്.

"നിയമസഭാ പരിസരം" അഥവാ "Precincts of the Assembly” എന്ന പ്രയോഗത്തിന് സഭാചട്ടങ്ങളിൽ നൽകിയിട്ടുള്ള നിർവ്വചനത്തിനുള്ളിൽ മാത്രം നിന്നു പ്രവർത്തിക്കുന്ന ഒരു സഭയായിട്ടാണ് കേരള നിയമസഭ സമീപകാലം വരെ അറിയപ്പെട്ടിരുന്നത്. എന്നാൽ വൈവിധ്യമാർന്നതും സമൂഹത്തിലെ വ്യത്യസ്തതലങ്ങളിലുള്ളവരേയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരേയും ഉദ്ദേശിച്ചുകൊണ്ടുള്ള ശ്രദ്ധേയമായ പരിപാടികൾ കഴിഞ്ഞ ഒരു വ്യാഴവട്ടകാലയളവിനുള്ളിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനപ്രതിനിധികളുടേയും വനിതാ ജനപ്രതിനിധികളുടേയും അഖിലേന്ത്യാ കോൺഫറൻസുകൾ, വിദ്യാർത്ഥി പാർലമെന്റുകൾ, ഭരണഘടനാ ക്ലാസ്സുകൾ, ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റേയും അനുഭവങ്ങൾ പങ്കുവയ്ക്കുന്ന പ്രഭാഷണ പരമ്പരകൾ,

ജനപ്രതിനിധികൾ ഉൾപ്പെടെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലന പരിപാടികൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, സംവാദങ്ങൾ, സന്ദർശന പരിപാടികൾ, ഹരിത പ്രോട്ടോക്കോൾ, ഓഡിയോ-വീഡിയോ ചിത്ര പ്രദർശനം തുടങ്ങി നിരവധി മേഖലകളിൽ കേരള നിയമസഭയുടെ കയ്യൊപ്പ് ചാർത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഭാവനാസമ്പന്നമായ ഇത്തരം പരിപാടികൾ തുടർന്നും നടത്തുവാൻ എല്ലാപേരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. സംസ്ഥാന നിയമസഭകളുടെ ചരിത്രത്തിൽ ആദ്യമായി നിയമസഭയ്ക്ക് സ്വന്തമായൊരു ചാനൽ എന്ന സ്വപ്നം സാക്ഷാത്കരിച്ചതിനു പുറമെ സമ്പൂർണ്ണ കടലാസ് രഹിത നിയമസഭ എന്ന ലക്ഷ്യത്തിലേക്ക് നാം എത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ പാർലമെന്റിനുതന്നെ മാതൃകയായ സബ്ജക്ട് കമ്മിറ്റികൾ ഉൾപ്പെടെയുള്ള നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ദേശീയതലത്തിൽത്തന്നെ ശ്രദ്ധ നേടിയിട്ടുണ്ടെന്നത് അഭിമാനം പകരുന്ന കാര്യമാണ്. നൂറുവർഷം പൂർത്തിയാക്കിയ നിയമസഭാ ലൈബ്രറിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള അന്താരാഷ്ട്ര പുസ്തകമേള, കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഡിബേറ്റ്സിന്റെ മലയാള പരിഭാഷയുടെ പ്രസാധനം, നിയമസഭാ മ്യൂസിയത്തിന്റെ ഭാഗമായി മണ്ഡലാടിസ്ഥാനത്തിൽ

സംഘടിപ്പിക്കാനുദ്ദേശിക്കുന്ന ഓഡിയോ-വീഡിയോ ചിത്രപ്രദർശനങ്ങൾ, K-LAMPS-ന്റെ ആഭിമുഖ്യത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രഭാഷണങ്ങൾ, ഭരണഘടനാ ക്ലാസ്സുകൾ തുടങ്ങി ഇനിയും നിരവധി പരിപാടികൾ വിജയിപ്പിക്കുവാൻ ഈ സഭയിലെ അംഗങ്ങളുടെ സഹകരണം അനിവാര്യമാണ്. ആശയപരമായി എതിർപ്പ് രേഖപ്പെടുത്തിയവയൊഴികെയുള്ള ബില്ലുകൾ സഭ ഐകകണ്ഠ്യേനയാണ് പാസ്സാക്കിയിട്ടുള്ളത്. പാർലമെന്ററി മര്യാദകൾ പുലർത്തുവാൻ പരിശ്രമിക്കുന്ന പ്രതിപക്ഷനേതാവും പ്രതിപക്ഷ വിമർശനങ്ങളെ അതേ അർത്ഥത്തിൽ ഉൾക്കൊള്ളുന്ന സഭാനേതാവും ഈ സഭയുടെ പ്രത്യേകതയായതുകൊണ്ടുതന്നെ സഭാദ്ധ്യക്ഷനെന്ന നിലയിലുള്ള എന്റെ ഉത്തരവാദിത്വം തികച്ചും ആയാസരഹിതമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## II. പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക്

പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ദേശീയഗാനാലാപനത്തോടെ രാവിലെ 11.47-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.

******